**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3230** **13-07-2022 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | നിലവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളിൽ ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ ഒരു ഒഴിവിലേയ്ക്ക് എത്ര പേരെയാണ് പരിഗണിക്കപ്പെടുന്നത്; വിശദമാക്കാമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താത്ക്കാലിക നിയമനങ്ങളിൽ ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ ഓരോ താത്ക്കാലിക ഒഴിവിലേക്കും ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനും അനുവദിച്ചിട്ടുള്ള സബ്മിഷൻ അനുപാതത്തിന്റെ പരിധിയിൽ നിന്ന് കൊണ്ട് മൊത്തം ഒൻപത് (9) ഉദ്യോഗാർത്ഥികളെ പരിഗണിക്കാവുന്നതാണ്. കൂടാതെ ഭിന്നശേഷി വിഭാഗക്കാർക്ക് കൂടുതൽ അവസരങ്ങൾ ലഭിക്കുന്നതിനായി ഓരോ താത്ക്കാലിക ഒഴിവിനും ഓരോ എക്സ്ചേഞ്ചിൽ നിന്നും ഒരു ഭിന്നശേഷി ഉദ്യോഗാർത്ഥിയെക്കൂടി അധികമായി ഉൾപ്പെടുത്തി നാമനിർദ്ദേശ പട്ടിക ഉദ്യോഗദായകർക്കു നൽകുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള സ്ഥിര നിയമനങ്ങളിൽ ഉദ്യോഗാർത്ഥികളെ പരിഗണിക്കുമ്പോൾ ഒന്ന് മുതൽ അഞ്ച് വരെയുള്ള ഓരോ ഒഴിവിനും ഒരാളെ വീതവും ആറു മുതൽ പത്തു വരെയുള്ള ഒഴിവുകൾക്ക് മൊത്തം 5 പേരെയും തുടർന്ന് വരുന്ന ഓരോ 10 ഒഴിവുകൾക്കും ഒരാളെ വീതം അധികമായും ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നാമനിർദ്ദേശം ചെയ്തു നാമനിർദ്ദേശ പട്ടിക ഉദ്യോഗദായകർക്കു നൽകുന്നു. |
| (ബി) | ഒരു ഒഴിവിലേയ്ക്ക് വളരെ കൂടുതൽപേരെ പരിഗണിക്കുന്നതുമൂലം കൂടുതൽ ഉദ്യോഗാർത്ഥികളുടെ അവസരങ്ങൾ നഷ്ടപ്പെടുന്നതായും അവരെ നിരാശരാക്കുന്നതായുമായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിയുമോ; വിശദമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ